**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3753** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളും തൊഴിലവസരങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ ആറ് വർഷം കൊണ്ട് എത്ര ചതുരശ്ര അടി ഐ.ടി. പാർക്കുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ ആറ് വർഷം കൊണ്ട് തിരുവനന്തപുരം ടെക്നോപാർക്കിൽ 20.97 ലക്ഷം ച.അടിയും, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടിയും ഉൾപ്പെടെ ആകെ **46.47** ലക്ഷം ച.അടി ഐ.ടി. സ്പെയിസാണ് അധികമായി നിർമ്മിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇത് വഴി ഐ.ടി. രംഗത്ത് എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | കഴിഞ്ഞ ആറ് വർഷം കൊണ്ട് അധികമായി നിർമ്മിക്കപ്പെട്ട 46.47 ലക്ഷം ച.അടി ഐ.ടി. സ്പെയിസിലൂടെ തിരുവനന്തപുരം ടെക്നോപാർക്കിൽ 15000 തൊഴിലവസരങ്ങളും, കൊച്ചി ഇൻഫോപാർക്കിൽ 29700 തൊഴിലവസരങ്ങളും, കോഴിക്കോട് സൈബർപാർക്കിൽ 1169 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ **45869** പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | അടുത്ത അഞ്ച് വർഷം കേരളത്തിലെ ഐ.ടി. വ്യവസായത്തിൽ എത്ര ചതുരശ്ര അടി ഐ.ടി. പാർക്കുകളും തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | അടുത്ത അഞ്ച് വർഷം കേരളത്തിലെ ഐ.ടി. വ്യവസായ മേഖലയിൽ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഐ.ടി. സ്പെയിസുകളും, തൊഴിലവസരങ്ങളും ഇപ്രകാരമാണ്. |

| **ഐ.ടി. പാർക്കുകൾ** | **ഐ.ടി. സ്പെയിസ്** | **തൊഴിലവസരങ്ങൾ** |
|---|---|---|
| ടെക്നോപാർക്ക് തിരുവനന്തപുരം | 44 ലക്ഷം ച.അടി | 43000 |
| ഇൻഫോപാർക്ക് കൊച്ചി | 15 ലക്ഷം ച.അടി | 20000 |
| സൈബർപാർക്ക് കോഴിക്കോട് | 4 ലക്ഷം ച.അടി | 4000 |
| ആകെ | 63 ലക്ഷം ച.അടി | 67000 |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. മേഖലയിൽ എത്ര അഭ്യസ്തവിദ്യർക്ക് | (ഡി) | 2021 മെയ് മുതൽ 2022 ജൂൺ വരെ സർക്കാർ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ യഥാക്രമം 1500, 7500, 473 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ